(എ) കുട്ടനാട്ടിൽ കോളറാബാധിതപ്രദേശമായി ഏതെങ്കിലും സ്ഥലം ഗവണ്മെണ്ട് പ്രഖ്യാപനം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ ;

(സി) കുട്ടനാട്ടിൽ കോളറാമൂലം എത്ര മരണം ഉണ്ടായി എന്നും എത്രപേർക്ക് ആകെ കോളറാ ബാധിച്ചു എന്നും പറയുമോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം എന്നീ താലൂക്കുകൾ.

(സി) വ്യത്യ പേർക്ക് കോളറാ ബാധിക്കുകയും ഇത്ര പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

കോളറാ

*൪൪൪. (ക്ഷ ൦) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുട്ടനാട്ടിൽ കോളറാ എവിടെനിന്നു കൊണ്ടുവന്നതാണെന്നോ എവിടെനിന്നു പകർന്നതാണെന്നോ ഗവണ്മെണ്ട് അന്വേഷണം നടത്തിയിട്ടുണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കുട്ടനാട്ടിൽ കോളറാ ആദ്യമായി വന്നത് ൧൯൪൭-ൽ ചമ്പക്കുളം കരയിലാണ്. അതിന്റെ ആരംഭത്തെപ്പറ്റി പ്രത്യേകമായ ചരിത്രമൊന്നുമില്ല.

ശ്രീമതി ദേവകീഗോപിദാസ് : അതു എങ്ങിനെയാണ് ബാധിച്ചത് എന്നു ഗവണ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു പകർച്ചവ്യാധിയായി വ്യാപിച്ചതായിരിക്കാം.

ശ്രീ. വി. ഗംഗാധരൻനായർ : ഈ സ്റ്റോറിൽ എവിടെയെങ്കിലും ഹെൽത്ത് സർവ്വെ നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കോളറാ എവിടെനിന്നെങ്കിലും കൊണ്ടുവരാവുന്നതാണോ ?

ശ്രീ. എ. ജെ. ജോൺ : കോളറാ ബാധിച്ച പ്രദേശങ്ങളിൽനിന്നു വല്ല ആഹാരമോ മറ്റോ കഴിച്ചാൽ കോളറാ ബാധിക്കാൻ ഇടയുണ്ട്. ആ അർത്ഥത്തിലാണെങ്കിൽ കൊണ്ടുവന്നതായി കണക്കാക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള : അവിടെ കോളറാ ബാധിച്ചത് പട്ടിണിയുടെ ആധിക്യംകൊണ്ടാണെന്നു റിപ്പോർട്ട് ചെയ്തിട്ടുള്ളതു ശരിയാണോ ?

Mr. Speaker : Who reported it ?

Sri. A. K. Patchu Pillai : It was a paper report.

Mr. Speaker : Paper reports cannot be brought in here to have their truth or otherwise verified.

കോളറാ

*൪൪൫. (ക്ഷ ക്ഷ) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പട്ടിണികൊണ്ടും അനർഹവും അനിഷ്ടവുമായ ആഹാരംകൊണ്ടും കോളറാ ഉണ്ടാകുമോ എന്നു ഗവണ്മെണ്ട് വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ലെവിസിസ്റ്റം

*൪൪൩. (൧൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെല്ലുവില കൂട്ടുന്നതിനെ സംബന്ധിച്ചു തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലെ പൊതുജനാഭിപ്രായം എന്താണെന്നു ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ;

(ബി) നെല്ലുവില കൂട്ടുന്നതു സാധാരണക്കാരനും സ്വന്തമായില്ലാത്തവനും, തൊഴിലാളികളും സങ്കടകരമാണെന്നു ഗവൺമെണ്ടിനറിയാമോ;

(സി) ൧൯ ൽ ൦–ൽ ഈ സ്റ്റേറ്റിൽനിന്നും ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരുടെ പക്കൽനിന്നു എത്ര നെല്ലെടുത്തു;

(ഡി) ഒരേക്കറിൽ കുറഞ്ഞ നിലമുടമസ്ഥന്മാരുടെ വകയായി എത്ര ഏക്കർ സ്ഥലം ഈ സ്റ്റേറ്റിലുണ്ടെന്നു പറയാമോ;

(ഇ) ഒരേക്കറിൽ കൂടുതൽ നിലമുള്ളവരിൽനിന്നു ലെവിസിസ്റ്റംവെച്ചു നെല്ലെടുത്താൽ ഒരാണ്ടിൽ ഈ സ്റ്റേറ്റിൽനിന്നു എത്ര പറ നെല്ലെടുക്കുവാൻ സാധിക്കും?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) വില്പനവിലയ്ക്കു് വ്യത്യാസം വരാത്തവിധത്തിൽ നെല്ലിന്റെ വാങ്ങുന്ന വില കൂട്ടുന്നതായാൽ അങ്ങനെ ഒരു സങ്കടത്തിനവകാശമില്ല.

(സി) പ്രത്യേകം കണക്കു് എടുത്തിട്ടില്ല. ഏതാണ്ടു മാത്രമേ എടുത്തിരിക്കുവാൻ തരമുള്ളു.

(ഡി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. കണക്കെടുത്തുവരുന്നുണ്ടു്.

(ഇ) കണക്കുകളെല്ലാം തിട്ടപ്പെടുത്തുന്നതുവരെ കൃത്യമായി പറയുവാൻ സാധ്യമല്ല. എന്നാൽ ഇതുവരെയും എടുത്തിരിക്കുന്നതിനേക്കാൾ അല്പമെങ്കിലും കൂടുതൽ എടുക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻനായർ: പൊതുജനാഭിപ്രായം അന്വേഷിച്ചു എന്നു പറഞ്ഞു. അതു് എങ്ങനെയാണു് അന്വേഷിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഏതു രീതിയിലാണൊ പൊതുജനാഭിപ്രായം അറിയുന്നതു് ആ രീതിയിൽ ആണു് അറിഞ്ഞതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഇപ്പോൾ നെല്ലെടുക്കുന്നതു് ലെവിസിസ്റ്റം അനുസരിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : ലെവിസിസ്റ്റം അനുസരിച്ചാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : കൂടുതൽ നെല്ലെടുക്കുവാൻ സാധിക്കുമെന്നു് പ്രതീക്ഷയുള്ളതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതേവരെയുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇതേവരെ നെല്ലെടുത്തിട്ടുള്ളതിന്റെ കണക്കുകൾ കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly